പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 233

# 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിട വൽക്കരണം ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 233

# 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിട വൽക്കരണം ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

82/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 233

# 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിട വൽക്കരണം ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് സർക്കാർ/പൊതുമേഖല, സ്വകാര്യമേഖല എന്നിവിടങ്ങളിലെ തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിൽ മേഖലകളിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിച്ച് സാമ്പത്തിക, സാമൂഹിക ഉന്നതി കൈവരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് സർക്കാർ/പൊതുമേഖല, സ്വകാര്യമേഖല എന്നിവിടങ്ങളിലെ തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിൽ മേഖലകളിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിച്ച് സാമ്പത്തിക, സാമൂഹിക ഉന്നതി കൈവരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുക യാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

82/2025.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "തൊഴിലിടം" എന്നാൽ സംസ്ഥാനത്തെ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല തുടങ്ങിയവയിലെ ശാരീരികമോ ബൗദ്ധികമോ ആയ പ്രവൃത്തികൾ നിർവ്വഹിക്കുന്ന സ്ഥലം എന്നർത്ഥമാകുന്നു;

(ബി) "സ്ത്രീസൗഹൃദ തൊഴിലിടം" എന്നാൽ സ്ത്രീകൾക്ക് ജോലി ചെയ്യുന്നതിന് അനുകൂലമായ സാഹചര്യം സംജാതമാക്കിയിട്ടുള്ള തൊഴിലിടം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ കേരളസർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എഫ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണ സമിതി.—(1) സർക്കാർ, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തീയതി പ്രാബല്യത്തോടെ സംസ്ഥാനതലത്തിൽ സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണ സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിയിൽ, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വനിത-ശിശുവികസന വകുപ്പ് സെക്രട്ടറി - ചെയർപേഴ്സൺ;

(ബി) തൊഴിൽ വകുപ്പ് സെക്രട്ടറി - അംഗം;

(സി) വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ - അംഗം;

(ഡി) തൊഴിൽ വകുപ്പ് ഡയറക്ടർ - അംഗം;

(ഇ) കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, ആശാവർക്കർ, അംഗനവാടി, സ്ത്രീസംരംഭകർ എന്നിങ്ങനെയുള്ള തൊഴിലിടങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സ്ത്രീ തൊഴിലാളികൾ വീതം - അംഗം;

(എഫ്) സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ അംഗീകൃത സർക്കാരിതര സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വനിതകൾ - അംഗം;

(ജി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വനിതകൾ - അംഗം.

4. സമിതിയുടെ ചുമതലകൾ.—(1) ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി ഇനിപ്പറയുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) അഭ്യസ്തവിദ്യരായ വനിതകൾക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് സർക്കാരിന് ശിപാർശ നൽകുക;

(ബി) കുടുംബ ഉത്തരവാദിത്വം കൂട്ടുത്തരവാദിത്വം എന്ന അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

(സി) വേതന നിരക്കിലുള്ള അന്തരം ഇല്ലാതാക്കുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകുക;

(ഡി) തൊഴിലിടങ്ങളിൽ വനിതാ ഹെൽത്ത് ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക;

(ഇ) തൊഴിലിടങ്ങളിൽ മതിയായ സൗകര്യങ്ങളോടെയുള്ള വിശ്രമ മുറികൾ സജ്ജീകരിക്കുന്നതിന് നിർദ്ദേശം നൽകുക;

(എഫ്) പ്രവൃത്തിയിടങ്ങളിലെ സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ, നിയമപരിരക്ഷ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക;

(ജി) വനിതകളുടെ അഭിരുചിക്ക് അനുസൃതമായ തൊഴിലുകളെ സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കുക;

(എച്ച്) അടച്ചുറപ്പും വൃത്തിയുമുള്ള ശുചിമുറികളുടെ ലഭ്യത ഓരോ തൊഴിലിടത്തിലും ഉറപ്പാക്കുക;

(ഐ) തൊഴിലിടങ്ങളിൽ നിയമപ്രകാരമുള്ള മെറ്റേർണിറ്റി ആനുകൂല്യങ്ങൾ

നൽകപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക;

(ജെ) ശിശുപരിപാലന കേന്ദ്രങ്ങളും മുലയൂട്ടൽ കേന്ദ്രങ്ങളും തൊഴിലിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക;

(കെ) താമസസ്ഥലത്തോട് അടുത്ത സ്ഥലങ്ങളിലേയ്ക്ക് അഥവാ സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിൽ സ്ത്രീജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക;

(എൽ) തൊഴിലുമായി ബന്ധപ്പെട്ട് ഉപരിപഠനം, നൈപുണ്യ വികസനം, പരിശീലനം എന്നിവയിൽ വനിതാ ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ശിപാർശകൾ സമർപ്പിക്കുക;

(എം) പ്രവൃത്തിയിടങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും അവയുടെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തുകയും അവരുടെ ശിപാർശകൾ നടപ്പാക്കുന്നതിൽ സർക്കാരിന് അഭിപ്രായം നൽകുകയും ചെയ്യുക;

(എൻ) "ഷീ ബോക്സ്" എന്ന ഓൺലൈനായി പരാതി നൽകുന്നതിനുള്ള സംവിധാനം തൊഴിലിടങ്ങളിൽ സ്ഥാപിക്കുകയും അതുസംബന്ധിച്ച് അവബോധം നൽകുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക;

(ഒ) വനിതാ തൊഴിലാളികൾ നേരിടുന്ന തൊഴിൽ തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുക;

(പി) തൊഴിൽ സംബന്ധമായ സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കുക;

(ക്യൂ) ദീർഘ സമയം ജോലി ചെയ്യേണ്ട സാഹചര്യം, പൊതു ഒഴിവ് ദിനങ്ങളിലും തൊഴിൽ ചെയ്യേണ്ടി വരുന്നത്, അമിതമായ ജോലിഭാരം, സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള അവസരമില്ലായ്മ, ജോലിക്കുള്ള ടാർജറ്റ് എന്നിങ്ങനെ തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുക;

(ആർ) സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിലയിരുത്തി മെച്ചമാണെന്ന് കണ്ടെത്തുന്ന പ്രവൃത്തി മേഖലകളിലെ പ്രവൃത്തിയിടങ്ങളുടെ അധികാരികൾക്ക് ഉചിതമായ പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക;

(എസ്) തൊഴിലിടങ്ങളോട് ചേർന്ന് സ്ത്രീകൾക്ക് താമസിക്കാവുന്ന ഹോസ്റ്റലുകൾ, വൺഡേ ഹോം പോലെയുള്ള താമസ സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക;

(ടി) വൈകി മാത്രം തൊഴിലിടങ്ങളിൽ നിന്നും പോകുന്നതിന് ഇടയാകുകയോ രാത്രികാലങ്ങളിൽ ജോലിസ്ഥലത്തേയ്ക്ക് എത്തേണ്ടി വരികയോ മടങ്ങിപ്പോകേണ്ടി വരികയോ ചെയ്യുന്ന വനിതാ ജീവനക്കാർക്ക് മതിയായ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തൊഴിലിടങ്ങളിലെ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുക;

(യു) തൊഴിലിടങ്ങളിലെ ഒഴിവ് നേരങ്ങളിൽ, സർഗ്ഗവാസനകൾ വളർത്തുന്നതിന് ഉതകുന്നവ പഠിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ആവശ്യമായ സാഹചര്യം തൊഴിൽ മേഖലയിൽ സംജാതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;

(വി) തൊഴിൽ ഉപേക്ഷിച്ച വനിതകളുമായി കൂടിക്കാഴ്ച നടത്തിയോ അല്ലാതെയോ അതിന്റെ സാഹചര്യം കണ്ടെത്തി തിരികെ തൊഴിൽ മേഖലയിലേയ്ക്ക് അവരെ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക;

(ഡബ്ല്യു) ജില്ലകൾതോറും സ്ത്രീസ്ഥിതി സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കുക;

(എക്സ്) സ്ത്രീകൾക്ക് സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ആവശ്യമായ പരിജ്ഞാനം നേടുന്നതിന് ഓരോ തൊഴിലിടങ്ങളിലും ചർച്ചാ ക്ലാസുകൾ പോലെയുള്ളവ സംഘടിപ്പിക്കുക;

(വൈ) സംരംഭകരാകുന്നതിന് വനിതകൾക്ക് പ്രോത്സാഹനം നൽകുന്നതിനുതകുന്ന പരിപാടികൾ സംഘടിപ്പിക്കുകയും സ്റ്റാർട്ടപ്പ് നയം അപ്രകാരം ക്രോഡീകരിക്കുന്നതിന് സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക;

(ഇസഡ്) മാതൃത്വ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുൻപുള്ളതും പിൻപുള്ളതുമായ കാലങ്ങളിൽ അനുയോജ്യമായ രീതിയിലുള്ള ജോലികൾ നൽകുന്നതിന് ഫ്ളെക്സിബിൾ വർക്ക് ഷെഡ്യൂളുകൾക്ക് നിർദ്ദേശം നൽകുക;

(എഎ) തൊഴിലിടങ്ങളിൽ സ്ത്രീ ജോലിക്കാർക്കായി "മെന്റർഷിപ്പ്" സ്കീമുകൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുക;

(എബി) വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം പോലെയുള്ള തൊഴിൽ സാദ്ധ്യതകളിൽ വനിതകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനുള്ള നിർദ്ദേശം നൽകുക;

(എസി) പ്രസവം, മാരകരോഗങ്ങൾ, വൈധവ്യം എന്നിവയുമായി ബന്ധപ്പെട്ട് സംരക്ഷണം അല്ലെങ്കിൽ ചികിത്സയ്ക്ക് ശേഷം തൊഴിലിടങ്ങളിൽ തിരികെ എത്തുന്ന വനിതകൾക്ക് തൊഴിൽ അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതിന് സഹായകമാകുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് ശിപാർശ നൽകുക;

(എഡി) ജെൻഡർ ബജറ്റിലൂടെ വിഭാവനം ചെയ്ത പദ്ധതികൾ വിലയിരുത്തുകയും അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(എഇ) കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിച്ചു നൽകുന്ന ചുമതലകൾ

നിർവ്വഹിക്കുക.

5. സമിതിയുടെ പ്രവർത്തനം .—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്ത്രീ സൗഹൃദ തൊഴിലിടവൽക്കരണ സമിതിയുടെ സെക്രട്ടറി, യോഗം വിളിച്ചുചേർക്കൽ, യോഗങ്ങളുടെ എണ്ണം, ക്വാറം, യോഗസ്ഥലം, യോഗാദ്ധ്യക്ഷൻ, ഭൂരിപക്ഷം, സിറ്റിംഗ് ഫീസ്, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കർഹമായ ബത്തകൾ എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

6. ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റിയുടെ അല്ലെങ്കിൽ ലോക്കൽ കംപ്ലെയിന്റ്സ് കമ്മിറ്റിയുടെ അധിക ചുമതലകൾ.—2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരേയുള്ള ലൈംഗിക പീഡനം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം (2013-ലെ 14-ാം കേന്ദ്ര നിയമം) പ്രകാരം തൊഴിലിടങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി അല്ലെങ്കിൽ ലോക്കൽ കംപ്ലെയിന്റ്സ് കമ്മിറ്റി അതിന് നിലവിൽ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള ചുമതലകൾക്ക് പുറമെ തൊഴിലിടം സ്ത്രീ സൗഹൃദമാക്കുന്നതിൽ നിർണ്ണയിക്കാവുന്ന അത്തരം ചുമതലകൾ കാലാകാലങ്ങളിൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള സ്ത്രീ സൗഹൃദ തൊഴിലിടവൽക്കരണ സമിതിയുടെയും സർക്കാരിന്റെയും നിർദ്ദേശപ്രകാരം ഓരോ തൊഴിലിടത്തിനും അനുയോജ്യമായവ കണ്ടെത്തി നടപ്പാക്കേണ്ടതാണ്.

7. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

8. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ

പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

തൊഴിൽ രംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തം ഒരു രാജ്യത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകുന്നതും സാമൂഹ്യ സാമ്പത്തിക സ്ഥിതിയെ മെച്ചപ്പെടുത്തുവാനിടയാക്കുന്നതുമാണ്. അത് സാമൂഹികവും സുസ്ഥിരവുമായ വികസനത്തെ ചലനാത്മകമാക്കുന്നതിനും വരുംതലമുറയ്ക്കുകൂടി പ്രയോജനമാകുന്നതുമാണ്.

ഇന്ത്യയിൽ തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്ത നിരക്ക് കുറവാണെന്ന് കാണുന്നു. 2004-05 കാലയളവിൽ ആകെ സ്ത്രീകളുടെ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് (FLFPR) 42.7% ആയിരുന്നു. എന്നാൽ അത് 2024 ഏപ്രിൽ-ജൂൺ കാലയളവിൽ 20% എന്ന നിരക്കിലേയ്ക്ക് താണിരിക്കുന്നതായി നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ് (NSSO) 2024 ആഗസ്റ്റ് 16-ന് പുറത്തിറക്കിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) യിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 2024 ഏപ്രിൽ-ജൂൺ കാലയളവിൽ 18.2% മാത്രമാണ്. അതേ കാലയളവിൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 54.7% ആണ്.

വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ 2023-ലെ ജെൻഡർ ഗ്യാപ് റിപ്പോർട്ട് പ്രകാരം 146 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 127 ആണ്. തൊഴിൽ മേഖലയിൽ ലിംഗപരമായ അസമത്വം നിലനിൽക്കുന്നതായി ഗ്ലോബൽ ഇൻഇക്വാളിറ്റി ഇൻഡക്സിൽ (ജി.ഐ.ഐ) സൂചിപ്പിച്ചിട്ടുണ്ട്. ജി.ഐ.ഐ. യുടെ 2022-ലെ റിപ്പോർട്ടുപ്രകാരം 134 രാജ്യങ്ങളിൽ 108-ാം സ്ഥാനത്തുള്ള ഇന്ത്യയിൽ FLFPR 28.3% ആണ്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വനിതാ വികസനവുമായി ബന്ധപ്പെട്ട പല സൂചകങ്ങളിലും കേരളം മെച്ചപ്പെട്ട നിലയിലാണെന്ന് കാണാം. കേരളത്തിന്റെ ആകെ ജനസംഖ്യയുടെ 52% സ്ത്രീകളാണെന്ന് 2011-ലെ സെൻസസ് രേഖപ്പെടുത്തുന്നു. സ്ത്രീകളുടെ

ആയുർദൈർഘ്യം കേരളത്തിൽ ശരാശരി 77.9 എന്ന ഉയർന്ന നിരക്കിലാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പല സൂചകങ്ങളിലും കേരളത്തിലെ സ്ത്രീകൾ മികച്ച നിലയിലാണ്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലും തൊഴിലില്ലായ്മ നിരക്കിലും ആശങ്കകൾ നിലനിൽക്കുന്നുണ്ട്. 2024 ഏപ്രിൽ-ജൂൺ കാലയളവിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് 24.5% വും (പുരുഷന്മാർ 55%), തൊഴിൽ പങ്കാളിത്ത നിരക്ക് 20.8% (പുരുഷന്മാർ 51%) ആണെന്ന് NSSO റിപ്പോർട്ട് വ്യക്തമാക്കുന്നു.

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിന്റെ തൊഴിൽ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. തൊഴിലിടം സ്ത്രീ സൗഹൃദമാക്കുന്നതിന് പല പദ്ധതികളും ഊന്നൽ നൽകുന്നു. എന്നാൽ നിയമ പ്രാബല്യത്തോടെ ഇവ നടപ്പാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ഫലം ഉളവാക്കുവാൻ ഇടയാകുന്നു. നിലവിൽ രാജ്യത്ത് തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ കേന്ദ്രീകരിച്ചും സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും വിവിധ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ ശക്തമായി നടപ്പിലാക്കുന്നതോടൊപ്പം ആധുനിക കാലഘട്ടത്തിൽ കുടുംബപരമായോ ശാരീരിക, മാനസിക ക്ലേശങ്ങൾ മൂലമോ തൊഴിൽ രംഗത്തുനിന്ന് വിട്ടുനിൽക്കുന്നവരെയും വിട്ടുപോയവരെയും സഹായിക്കുന്നതിലും തിരികെ എത്തിക്കുന്നതിലും സൗഹൃദ തൊഴിലിടങ്ങൾ അനിവാര്യമാണ്. അത് ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തിന് പൊതുവായി ബാധകമാകുന്ന ഒരു നിയമം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന് കൂടുതൽ മെച്ചമായ സ്ഥിതിയിലേയ്ക്ക് എത്തിക്കുന്നതിന് ഇടയാകുന്നതാണ്. അതുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരമുള്ള സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തക അനാവർത്തക സ്വഭാവമുള്ള ചെലവുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവുകൾ സമിതി രൂപവൽക്കരിച്ച് പ്രവർത്തനം ആരംഭിച്ചശേഷമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നിരുന്നാലും പ്രാരംഭ പ്രവർത്തനങ്ങൾക്കായി സഞ്ചിതനിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണ സമിതി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 5-ാം വകുപ്പ് സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണ

സമിതിയുടെ സെക്രട്ടറി, യോഗം, ക്വാറം, യോഗസ്ഥലം, ഭൂരിപക്ഷം, അംഗങ്ങൾക്കർഹമായ ബത്ത എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 6-ാം വകുപ്പ് പ്രകാരം ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി അല്ലെങ്കിൽ ലോക്കൽ കംപ്ലെയിന്റ്സ് കമ്മിറ്റി, സ്ത്രീ സൗഹൃദമാക്കുന്നതിൽ നിർവ്വഹിക്കേണ്ട ചുമതലകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

(5) ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

(6) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം. എൽ. എ.